**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1423** 11-06-2019 -ൽ മറുപടിക്ക്

## പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മാത്യു റ്റി തോമസ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018 ലെ പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരത്തിനായി തിരുവല്ല താലൂക്കിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) | വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിനുള്ള നഷ്ടപരിഹാരത്തിനായി 13857 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ബി) | പ്രളയബാധിതർക്കുള്ള സഹായം എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | ബി) | 10,000 രൂപയുടെ ദുരിതാശ്വാസ ധനസഹായം 31541 പേർക്ക് നല്കിയിട്ടുണ്ട്. വീടുകളുടെ നാശനഷ്ടവുമായി ബന്ധപ്പെട്ട് പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 280 വീടുകൾക്കും, 15% മുതൽ 74% വരെ നാശനഷ്ടം സംഭവിച്ച ആകെ 12,404 വീടുകൾക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. |
| സി) | നിരണം ഗ്രാമപഞ്ചായത്തിൽ നിന്ന് സമർപ്പിച്ച 350 ഓളം അപ്പീലുകൾ കാണാതായി എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ